
# ജനാധിപത്യം സംരക്ഷിക്കാൻ സമഗ്രമായ പരിഷ്കാരങ്ങൾ അനിവാര്യം

**2011 ഏപ്രിൽ 20**



സുപ്രസിദ്ധ ഗാന്ധിയൻ നേതാവ് അന്നഹസാരെ അദ്ദേഹത്തിന്റെ അനിശ്ചിതകാല നിരാഹാര സമരം വിജയകരമായി അവസാനിപ്പിച്ചു. പ്രധാനമന്ത്രിയുൾപ്പടെ അധികാരത്തിന്റെ ഉന്നത ങ്ങളിലുള്ളവരെ ഉൾപ്പടെ രാഷ്ട്രീയ-സാമൂഹ്യ ജീവിതത്തിൽ വിരാജിക്കുന്നവർക്കെതിരെ അഴിമതി ആരോപണങ്ങൾ ഉയർത്താൻ, അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിയുംവിധം പല്ലും നഖവുമുള്ള ഒരു ലോക്പാൽ നിയമം അടിയന്തരമായാവിഷ്കരിച്ചു നടപ്പാക്കണമെന്ന തായിരുന്നു അദ്ദേഹത്തിന്റെ മുഖ്യ ആവശ്യം.

ഈ ആവശ്യത്തെ വലിയ തോതിൽ ജനങ്ങൾ പിന്തുണച്ചു. അന്നാഹസാരെയുടെ നിരാഹാര സമരത്തെ നാട്ടിലെ ജനങ്ങളും പുരോഗമന ജനാധിപത്യ ശക്തികളും പിന്താങ്ങി. കഴിഞ്ഞ നാലു ദശാബ്ദത്തിലേറെയായി ഇത്തരമൊരാവശ്യം നമ്മുടെ ഗവണ്മന്റുകളുടെ പരിഗണനയിലായിരുന്നു. കോൺഗ്രസായാലും ബി ജെ പിയായാലും ഇത്തരം ഒരു നിയമം കൊണ്ടുവരുന്നതിൻ, അവരധികാരത്തിലുള്ളപ്പോൾ, തയാറായില്ല എന്നതാണു വസ്തുത.

ലോക്പാൽ നിയമം എന്ന പേരിൽ അരഡസൻ പ്രാവശ്യത്തിലധികം അവർ കൊണ്ടുവരാൻ ശ്രമിച്ച നിയമം കേവലം ദുർബലവുമായിരുന്നു. അതുപോലും പാസാക്കുന്നതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി അവരാരും പ്രകടിപ്പിച്ചതുമില്ല.

ഇന്ന് നമ്മുടെ നാട് അക്ഷരാർഥത്തിൽ അഴിമതിയുടെ നീർക്കയത്തിൽ ഏതാണ്ട് മുങ്ങിമരിക്കുന്ന ഒരവസ്ഥയിലുമാണ്. നവലിബറൽ സാമ്പത്തികനയം രാജ്യത്തിലേക്ക് വിദേശ-സ്വദേശ മൂലധന ത്തിന്റെ മലവെള്ളപ്പാച്ചിൽ സൃഷ്ടിച്ചിരിക്കുന്നു. സാമ്പത്തിക ജീവിതത്തിലെ എല്ലാ മേഖലകളും ആ മൂലധനത്തിനുമുന്നിൽ തുറന്നുവച്ചിരിക്കുകയാണ്. ബഹുരാഷ്ട്ര കുത്തകകളും ഇന്ത്യൻ കോർപ്പറേറ്റ് മേഖലയും മൂലധനത്തിന്റെ ഈ അഴിഞ്ഞാട്ടം ആഘോഷിക്കുകയാണ്. ഈ സാഹചര്യം അഴിമതിയെ എല്ലാ മേഖലകളിലും വളരാൻ അനുവദിച്ചു. അഴിമതിയുടെ വ്യാപ്തിയിലും വലുപ്പ ത്തിലും വന്ന മാറ്റങ്ങൾക്കു മുമ്പിൽ ഇന്നു രാഷ്ട്രം അമ്പരന്നു നിൽക്കുകയാണ്. 2 ജി സ്പെക്ട്രം അഴിമതി, എസ് ബാൻഡ് സ്പെക്ട്രം അഴിമതി, ആദർശ് ഫ്ളാറ്റ്, കോമൺവെൽത്ത്, ഐ പി എൽ തുടങ്ങിയ വമ്പൻ അഴിമതികൾ നമ്മുടെ മൂല്യബോധത്തിനു മുമ്പിൽ പുതിയ വെല്ലുവിളികൾ ഉയർത്തി. അഴിമതി ഈ കാലഘട്ടത്തിൽ ഒരു പുതിയ ജീവിതശൈലിയുടെ ഭാഗമെന്നോളം വളർന്നു. ദേശീയ രാഷ്ട്രീയത്തിൽ അഴിമതിയുടെ അവകാശങ്ങൾ ഇത്രയേറ ചർച്ച ചെയ്യപ്പെട്ട

മറ്റൊരവസരമുണ്ടായിട്ടില്ല. അഴിമതി ജനാധിപത്യത്തെയും ജനാധിപത്യ സ്ഥാപനങ്ങളെയും വിഴുങ്ങുമെന്ന സ്ഥിതിയിലാണ് നാമിപ്പോൾ. ഇന്നത്തെ സ്ഥിതി ജനങ്ങളിൽ ഒരുതരം 'സിനിസിസം' വളർത്തുകയാണ്. ഇതിൽ നിന്നും ഇനി രക്ഷപ്പെടാൻ വഴിയൊന്നും ഇല്ല എന്നൊരു തോന്നൽ.

ഈ സന്ദർഭത്തിലാണ് അന്നാ ഹസാരെ, പൊതു സമൂഹത്തിന്റെ നേതാക്കൾ, നിയമജ്ഞർ തുടങ്ങിയവരുടെ സജീവമായ പിന്തുണയോടെ ജൻ ലോക്പാൽ എന്നൊരു നിയമത്തിന്റെ കരട് തയാറാക്കിയതും അതു പ്രധാനമന്ത്രിക്കയച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ ലോക്പാൽ ബിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ടതും. നിലവിൽ സർക്കാർ ലോക്പാൽ നിയമം ഡ്രാഫ്റ്റ് ചെയ്യാൻ നിയോഗിച്ച ക്യാബിനറ്റിന്റെ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് എന്ന ഉപസമിതിയെ അദ്ദേഹം എതിർത്തു. അദ്ദേഹം പറഞ്ഞു ആ കമ്മിറ്റിയിൽ അഴിമതിയുടെ കറപുരണ്ട മന്ത്രി പുംഗവന്മാരുണ്ട്. അവരിൽ അദ്ദേഹത്തിനു വിശ്വാസമില്ലെന്ന്.

ഇതേത്തുടർന്നാണ് പുതിയ ലോക്പാൽ നിയമത്തിനുവേണ്ടി അദ്ദേഹം അനിശ്ചിതകാല നിരാഹാരം പ്രഖ്യാപിച്ചതും തുടങ്ങിയതും. അദ്ദേഹം ആവശ്യപ്പെട്ടത് പൊതു സമൂഹത്തിന്റെ പ്രതിനിധികളും പ്രമുഖ നിയമജ്ഞരും ജനപ്രതിനിധികളും അടങ്ങുന്ന ഒരു കമ്മിറ്റി, തന്റെ അധ്യക്ഷതയിൽ, പ്രസ്തുത നിയമം തയാറാക്കുന്നതിൻ നിയോഗിക്കപ്പെടണമെന്നും അതു സർക്കാർ പാസാക്കണ മെന്നുമാണ്. ആദ്യം സർക്കാർ സാങ്കേതിക ന്യായങ്ങളും പ്രയാസങ്ങളും പറഞ്ഞ് അദ്ദേഹത്തിന്റെ നിരാഹാരം പിൻവലിപ്പിക്കുവാൻ ശ്രമിച്ചു.

എന്നാൽ അദ്ദേഹത്തിന്റെ അനിശ്ചിതകാല നിരാഹാര സമരത്തിനു പിന്തുണ നൽകിക്കൊണ്ടു വളരെവേഗം വളർന്നുവന്ന ബഹുജന പിന്തുണയും ഈ സംരംഭത്തിൽ യുവാക്കൾ, പ്രത്യേകിച്ച് വിദ്യാർഥികളുടെ പങ്കാളിത്തവും ബുദ്ധിജീവികളുടെ വലിയ സാന്നിധ്യവും സർക്കാരിനെ അമ്പരപ്പിച്ചു. അവരെ ഒത്തുതീർപ്പിലേക്കതു നയിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സർക്കാർ താഴോ ട്ടിറങ്ങി ഒരൊത്തുതീർപ്പിൻ വഴങ്ങി. കേന്ദ്രമന്ത്രി പ്രണബ് മുഖർജിയുടെ അധ്യക്ഷതയിൽ രൂപീകരി ക്കപ്പെടുന്ന ഒരു പ്രത്യേക കമ്മിറ്റി, പ്രമുഖ നിയമജ്ഞരെയും പൊതുസമൂഹത്തിന്റെ പ്രതി നിധി കളെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കുമെന്നും ആ കമ്മിറ്റി ലോക്പാൽ ബില്ലിന്റെ കരട് തയാറാക്കുമെന്നും അത് മന്ത്രിസഭ അംഗീകരിച്ചതിനു ശേഷം പാർലമെന്റിന്റെ പരിഗണനയ്ക്ക് വിടുകയും പാസാക്കുകയും ചെയ്യും എന്നുമാണ് ഒത്തുതീർപ്പിന്റെ കാതലായ വശങ്ങൾ.

ഈ സമരം ഒരു കാര്യം വ്യക്തമാക്കി. അഴിമതി കണ്ടു മടുത്ത സമൂഹം, അവർക്ക് സ്വീകാര്യമായ ഒരു നേതൃത്വം സമരത്തിൻ മുന്നോട്ടുവന്നപ്പോൾ, അതിന്റെ പിന്നിൽ അത്ഭുതകരമാംവിധം വന്തോതിൽ അണിനിരന്ന് ഉറച്ചുനിന്നു. ഈ സമരത്തിൽ പെണ്കുട്ടികളടക്കം വിദ്യാർഥിസമൂഹം വഹിച്ച പങ്ക് ശ്രദ്ധേയമായി. അന്നാ ഹസാരെയോടൊപ്പം ഈ സമരത്തിന്റെ നേതൃനിരയിൽ സ്വാമി അഗ്നിവേശ്, മുൻ പൊലീസ് ഓഫീസർ കിരൺ ബേദി തുടങ്ങിയവരുണ്ടായിരുന്നു.


അന്നാഹസാരെ


സ്വാമി അഗ്നിവേശ്


കിരൺ ബേദി

ഈ സമരം വിജയിച്ചു. അത് നന്നായി. എന്നാൽ ഇത്തരം ഒരു നിയമം കൊണ്ടുമാത്രം അഴിമതി തടഞ്ഞു നിർത്തപ്പെടുമോ എന്ന കാര്യം ചർച്ച ചെയ്യപ്പെടേണ്ട മറ്റൊരു പ്രശ്നമാണ്. ഈ നിയമം തീർച്ചയായും ഒരു നല്ല, വലിയ ഒരു ചുവടുവയ്പ്പു തന്നെ.

ഇതോടൊപ്പം ചെയ്യേണ്ട മറ്റു രണ്ടു കാര്യങ്ങൾ കൂടിയണ്ട്. അതുകൂടി നിർവഹിച്ചാലേ ജനങ്ങൾ ആഗ്രഹിക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങുകയുള്ളൂ.

ഒന്ന് അടിസ്ഥാനപരവും, പുരോഗമനപരവുമായ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ. പണാധിപത്യം, മാഫിയ ഇടപെടലുകൾ, വർഗീയ–ജാതി വികാരങ്ങൾ കുത്തിപ്പൊക്കൽ ഇവയൊക്കെ ഒന്നു ചേർന്ന് തിരഞ്ഞെടുപ്പിന്റെ ജനാധിപത്യ അംശത്തെ നിർദയം ഇന്ന് കൊല ചെയ്യുകയാണ്. പാർലമെന്റ് ഈ പ്രശ്നം ആഴത്തിൽ പഠിക്കുന്നതിൻ നിയോഗിച്ച ഇന്ദ്രജിത് ഗുപ്ത കമ്മിറ്റിയുടേയും ദിനേഷ് ഗോസ്വാമി കമ്മിറ്റിയുടേയും ശ്രദ്ധേയമായ നിർദേശങ്ങൾ വിസ്മൃതിയിലായിക്കഴിഞ്ഞു. അവ നടപ്പിൽ വരുത്തുവാനുള്ള ഇച്ഛാശക്തി സർക്കാരുകൾക്കില്ല.



ഇന്ദ്രജിത് ഗുപ്ത



ദിനേഷ് ഗോസ്വാമി

കോടീശ്വരന്മാരും ക്രിമിനലുകളും നമ്മുടെ പാർലമെന്റ് ഏതാണ്ട് കയ്യടക്കിയ മട്ടിലാണ് കാര്യങ്ങൾ. കുത്തനെ വളരുന്ന തിരഞ്ഞെടുപ്പ് ചെലവുകൾ സാധാരണക്കാർക്ക് പാർലമെന്റ് അപ്രാപ്യമാക്കി ത്തീർക്കുന്നു. സമഗ്രമായ തിരഞ്ഞെടുപ്പ് പരിഷ്കാരത്തിന്റെ അനിവാര്യത ഇന്ന് ബോധ്യപ്പെട്ടി ല്ലെങ്കിൽ ജനാധിപത്യത്തിലെ കാതലായ പാർലമെന്റുകളും അസംബ്ലികളും ജനങ്ങളിൽ നിന്നകന്ന്, ദുഷ്ടശക്തികളുടെ പിടിയിലമരും. ഈ സാഹചര്യത്തിൽ തന്റെ വോട്ട് ജനാധിപത്യത്തിൽ മാറ്റത്തിന്റെ സുപ്രധാന ആയുധമാണെന്ന് തിരിച്ചറിഞ്ഞ് വോട്ടു ചെയ്യുകയെന്ന പ്രാഥമിക ഉത്തര വാദിത്വം നിര്വഹിക്കുവാൻ പൗരനിൽ എങ്ങനെ താൽപര്യം ജനിപ്പിക്കും എന്നതുതന്നെ ഗൗരവ മേറിയ പ്രശ്നമാണ്. ആനുപാതിക പ്രാതിനിധ്യം, ജനപ്രതിനിധിയെ അവർ ജനതാൽപര്യം കളഞ്ഞുകുളിച്ചാൽ, തിരിച്ചുവിളിക്കുവാൻ ജനങ്ങൾക്ക് അവകാശം, സ്ഥാനാർഥികളുടെ ചെലവ് സ്റ്റേറ്റ് ഫണ്ടിംഗ് വഴി നിര്വഹിക്കുക, മാഫിയ, മതം, ജാതി, മദ്യം തുടങ്ങിയവയുടെ അപകട കരമായ സ്വാധീനത്തോടൊപ്പം പണാധിപത്യം വഹിക്കുന്ന പങ്കിൽ നിന്നും ഈ ജനാധിപത്യ സ്ഥാപനങ്ങളെ രക്ഷിക്കുന്നതിനുള്ള കർക്കശമായ നിയമം ലോക്പാൽ നിയമം പോലെ തന്നെ സുപ്രധാനമാണ്.

ഇതിനോടൊപ്പം തന്നെ കൈകാര്യം ചെയ്യേണ്ട മറ്റൊരു സുപ്രധാന പ്രശ്നമാണ് ജുഡീഷ്യറിയുടെ പ്രശ്നം, കൃത്യമായി പറഞ്ഞാൽ ജുഡീഷ്യൽ അക്കൗണ്ടബിലിറ്റിയുടെ പ്രശ്നം. ഈ സുപ്രധാന മേഖല ഇന്ന് പണാധിപത്യത്തിനും അഴിമതിക്കും ക്രമേണ വഴങ്ങുകയാണ്. ഈ പ്രവണത അപകടം വലിച്ചുവയ്ക്കുക തന്നെ ചെയ്യും.

ജുഡീഷ്യറിക്ക് ജനങ്ങളോട് കണക്കുപറയേണ്ടതുണ്ട് എന്നൊരു തോന്നലേ ഇന്നില്ല. അത് മാറണം. ജനങ്ങൾ, ജനഹിതം അവയൊക്കെയാണ് ജനാധിപത്യത്തിൽ മൗലികഘടകങ്ങൾ. എല്ലാ ജനാധിപത്യ സ്ഥാപനങ്ങളും ജനങ്ങൾക്ക് വിധേയമായിരിക്കണം. ഈ മൗലികതത്വം ഉയർത്തി പ്പിടിച്ചു കൊണ്ടുള്ള സമഗ്രമായ ജുഡീഷ്യൽ റിഫോം, അത് പ്രായോഗികമാക്കുന്നതിനുള്ള കർശന നിയമങ്ങളും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ജഡ്ജിമാരുടെ നിയമനം, അവരുടെ ട്രാൻസ്ഫർ എന്നിവ മിക്കവാറും നിയമവിരുദ്ധമായി കയ്യടക്കിവച്ചിരിക്കുന്ന കൊളീജിയം സമ്പ്രദായം അടിയന്തിരമായി അവസാനിപ്പിച്ച്, അക്കാര്യങ്ങൾ നിര്വഹിക്കുന്നതിൻ ജനാധിപത്യത്തിന് ചേർന്ന സംവിധാനം നിലവിൽ വന്നേ പറ്റൂ.

കുറ്റാരോപണ വിധേയരാകുന്ന ജഡ്ജിമാരെ തൽസ്ഥാനത്തു നിന്ന് നീക്കുവാനോ ശിക്ഷിക്കു വാനോ പാർലമെന്റ് അവരെ ഇംപീച്ച് ചെയ്യണം എന്ന ഇന്നത്തെ ഭരണഘടനാ വ്യവസ്ഥ, കുറ്റവാളി കളായ ജഡ്ജിമാർക്കൊരു രക്ഷാകവചമായി മാറിയിരിക്കുന്നു. ഇന്നോളം ഒരു ജഡ്ജിയേയും വിജയകരമായി ഇംപീച്ച് ചെയ്യാൻ പാർലമെന്റിൻ കഴിഞ്ഞിട്ടില്ല. കാരണം അങ്ങനെ ചെയ്യാൻ പാർലമെന്റിൽ മൂന്നിൽ രണ്ട് വോട്ട് ലഭിക്കണം.

ഈ വ്യവസ്ഥ തുടരേണ്ടതില്ല. എന്തുകൊണ്ട് കേവല ഭൂരിപക്ഷം കൊണ്ട് ഇംപീച്ച്മെന്റ് പ്രശ്ന ത്തിൽ പാർലമെന്റിൻ തീരുമാനമെടുത്തു കൂടാ? അതോടൊപ്പം ജഡ്ജിമാരുടെ പ്രവർത്തനം നിരന്തരം നിഷ്കൃഷ്ടമായി പരിശോധിക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിച്ച് ജുഡീഷ്യറി യുടെ പ്രവർത്തനം ജനാധിപത്യപരവും കുറ്റമറ്റതുമാക്കാൻ നിരന്തരം പ്രവൃത്തിക്കുന്നതും വിപുല മായ അധികാരാവകാശങ്ങളുമുള്ള മറ്റൊരു സംവിധാനവും കാലഘട്ടം ആവശ്യപ്പെടുന്ന ഒരു വലിയ ചുവടുവയ്പ്പാണ്.

ലോക്പാൽ നിയമത്തോടൊപ്പം ഇവയൊക്കെ കൂടി നിലവിൽ വന്നാലേ ഇന്നത്തെ കാലഘട്ടത്തിൽ നമ്മുടെ ജനാധിപത്യത്തെ രക്ഷിക്കാനാകൂ. ഇവയൊക്കെ ഇന്ന് മൂലധനശക്തികളുടെയും, മാഫിയ കളുടെയും, ജാതി–മത–വിഘടനശക്തികളുടെയും ഭീഷണിയിലാണ് എന്നത് വിസ്മരിച്ചുകൂടാ.